(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച

പ്രമേയങ്ങൾ

(2012 ജൂൺ 22–ാം തീയതി ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച – തുടർച്ച)

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ ആ വാചകം പൂർത്തിയാക്കുന്നതേയുള്ളൂ. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട ഒരു പ്രമേയമാണ് ഇവിടെ വന്നിരുന്നത്. ആ പ്രമേയത്തെ സംബന്ധിച്ചിടത്തോളം എന്റെ അഭിപ്രായം, ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ടാണ് ചില തർക്കങ്ങളുണ്ടായിരിക്കുന്നത്. എങ്കിലും ഇന്ന് രാവിലെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയും നടത്തിയ അഭിപ്രായപ്രകടനങ്ങളുടെ അടിസ്ഥാനത്തിലും ആ വിഷയം ശ്രദ്ധിച്ച ഒരു വ്യക്തിയെന്ന നിലയിലും ഞാൻ വിശ്വസിക്കുന്നു – മുല്ലപ്പെരിയാറിൽ പുതിയ ഡാം ഉണ്ടാവുക തന്നെ ചെയ്യും, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിന് തുടക്കം കുറിക്കാനും കഴിയും. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രമേയം ഒരിക്കൽ അവതരിപ്പിച്ചതാണ്. എങ്കിലും വീണ്ടും ഒന്നു കൂടി അവതരിപ്പിക്കുന്നതിൽ തെറ്റില്ല. രണ്ട് തെറ്റുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംഭവിച്ചു. അതിനെക്കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട്............

മി. സ്പീക്കർ: വേണ്ട ........ വേണ്ട ....... അതിലേയ്ക്ക് കടക്കേണ്ട. പ്ലീസ് ...

ശ്രീ. ജോസഫ് വാഴക്കൻ: സർ, അങ്ങ് പറഞ്ഞത് അംഗീകരിച്ചിരിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. പുരുഷൻ കടലുണ്ടിയുടെ പ്രമേയം വളരെ പ്രസക്തിയുള്ളതാണ്. അത് ചർച്ച കൂടാതെ പാസ്സാക്കാൻ പ്രതിപക്ഷം സമ്മതിച്ചിട്ടുള്ള കാര്യമാണ്. ഗവൺമെന്റും പ്രമേയം അംഗീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനുമുൻപ് ഈ സഭയിൽ മുഖ്യമന്ത്രി തന്നെ ഈ പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ആർക്കും തർക്കമില്ലാത്ത രീതിയിൽ ആ പ്രമേയം പാസ്സാക്കാമെന്ന അഭിപ്രായം രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷം എഗ്രീ ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: അത് അങ്ങനെയാകാം. എങ്കിലും അത് അവതരിപ്പിക്കണമല്ലോ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, 09–12–2011–ൽ നിയമസഭ പാസ്സാക്കിയ പ്രമേയം ഇതിനോടു സാമ്യമുള്ളതാണ്. അതുകൊണ്ട് ഞാനത് അവതരിപ്പിക്കുകയാണ്.

“കാലപ്പഴക്കവും തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും അതിവൃഷ്ടിയുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും ഡാമിന്റെ നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയെ കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു. പുതിയ ഡാമിന്റെ

നിർമ്മാണംവരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 120 അടിയായി താഴ്ത്തുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെത്തുടർന്ന് നിലവിൽ നൽകുന്ന അതേ അളവിൽ തന്നെ തമിഴ്നാടിന് വെള്ളം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും 'കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം' എന്ന സമീപനത്തിൽ കേരളം ഉറച്ചുനിൽക്കുന്നുവെന്നും കേരള നിയമസഭ അസന്നിഗ്ദ്ധമായി ഉറപ്പുനൽകുന്നു. " ഇത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

## റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്തെ വിദേശ നിക്ഷേപം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു. ചെറുകിട വ്യാപാരരംഗം നൂറ്റാണ്ടുകളായി നമ്മുടെ സമ്പദ്ഘടനയുടെ ഭാഗമാണ്. നാട്ടിലങ്ങോളമിങ്ങോളം അങ്ങാടികളും ചന്തകളും പീടികകളും തൊഴിൽ സേവനരംഗങ്ങൾകൂടിയാണ്. വഴിയോര കച്ചവടക്കാർ, വീടുവീടാന്തരം കയറിയിറങ്ങുന്നവർ, ഉന്തുവണ്ടിക്കാർ തുടങ്ങി ലക്ഷക്കണക്കിനാളുകളാണ് ഇങ്ങനെ സ്വയം തൊഴിൽ കണ്ടെത്തി ജീവിച്ചു വരുന്നത്. ഈ ഗ്രാമീണ വ്യാപാര ശൃംഖല നമ്മുടെ സാമൂഹ്യ ജീവിതത്തെ സമ്പുഷ്ടമാക്കി. റീട്ടെയിൽ രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കുന്നതുമൂലം മേൽപ്പറഞ്ഞ പരമ്പരാഗത ഗ്രാമീണ വ്യാപാരം

മുഴുവൻ തകിടം മറിയും. രാജ്യത്താകമാനമുള്ള ചെറുകിട വ്യാപാരികൾ ഇക്കാര്യത്തിലുള്ള അവരുടെ പ്രതിഷേധം പ്രകടമാക്കിക്കഴിഞ്ഞു. ഇതിനെപ്പറ്റിയുള്ള ചർച്ചകളും വിമർശനങ്ങളും പല ഭാഗത്തും നടന്നുവരുന്നു. കേന്ദ്ര സർക്കാരെടുത്ത തീരുമാനം തൽക്കാലം മരവിപ്പിച്ചെങ്കിലും അപകട ഭീഷണി നിലനിൽക്കുന്നു. വാൾമാർട്ടിനെപ്പോലെയുള്ളവർ വന്നാൽ നമ്മുടെ വിപണി വിഴുങ്ങപ്പെടുമെന്ന് തീർച്ചയാണ്. വമ്പൻമാർ വരുമ്പോൾ ദുർബലർക്ക് വഴിമാറി കൊടുക്കേണ്ടിവരും. കുത്തകക്കാരുടെ പ്രതിനിധികൾ ഗ്രാമീണകർഷകരുടെ ഉല്പന്നങ്ങളെയൊക്കെ കൈവശമാക്കുകയും ക്രമേണ വിലനിയന്ത്രണം പൂർണ്ണമായും അവരുടെ നിയന്ത്രണത്തിലാവുകയും ചെയ്യുന്നു. അതോടെ ഉല്പാദകനും ഉപഭോക്താവിനും ഒരുപോലെ നഷ്ടം സംഭവിക്കുകയും ചൂഷണപ്പെടുകയും ചെയ്യും. വിദേശത്തുനിന്നുള്ള ഗുണമേന്മയില്ലാത്ത വസ്തുക്കൾ വിപണിയിലിറക്കി തദ്ദേശവാസികളായ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരെ തൊഴിൽ രഹിതരാക്കും. പുതിയ തൊഴിൽ സാധ്യതകളും ഗണ്യമായി കുറയും. കുത്തകകളുടെ കടന്നുവരവോടെ നഷ്ടമാകുന്ന മാനുഷികവശത്തെ നാം വളരെ ഗൗരവത്തോടെ വീക്ഷിക്കണം. നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലുമുള്ള ചെറുകിട വിൽപ്പനശാലകളും ഇടപാടുകാരും തമ്മിൽ കേവലം വിൽക്കുന്നവനും വാങ്ങുന്നവനും തമ്മിലുള്ള കച്ചവടബന്ധം മാത്രമല്ല, അവർ നമ്മുടെ കുടുംബസുഹൃത്തുക്കൾ കൂടിയാണ്. ആവശ്യത്തിനനുസരിച്ച് വാങ്ങാനും കടം നിർത്തിക്കിട്ടാനുമൊക്കെ കഴിയുന്ന ഒരു സുഹൃത് കൂട്ടാ

യ്മകൂടി അവിടെയുണ്ട്. സൂപ്പർമാർക്കറ്റുകളും മാളുകളും വന്നതോടെ ഷോപ്പിംഗ് തന്നെ ഇന്ന് ഉത്സവമായി മാറിയിരിക്കുന്നു. പരസ്യങ്ങളിൽ ആകൃഷ്ടരായി കണ്ടതൊക്കെ വാങ്ങിക്കൂട്ടി അധികച്ചെലവുകാരായി നാം മാറിക്കഴിഞ്ഞു. വിദേശ കുത്തകകളുടെ വരവോടെ സ്ഥിതി കൂടുതൽ ഗുരുതരമാകും. വിദേശ നിക്ഷേപങ്ങൾക്ക് ലഭ്യമാകുമെന്നവകാശപ്പെടുന്ന ഗുണങ്ങൾ പലതും സാങ്കൽപ്പികമാണ്. ഈ മേഖലയിൽ കാലാനുസൃത മായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. റീട്ടെയിൽ മേഖലയിൽ വിദേശ നിക്ഷേപം വന്നാലുണ്ടായേയ്ക്കാവുന്ന പ്രത്യാഘാതങ്ങളെക്കു റിച്ച് പഠിക്കുന്നതിനുവേണ്ടി വിവിധ രാഷ്ട്രീയ നേതാക്കളായ എം.പി–മാർ ഉൾക്കൊള്ളുന്ന കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിൽ റീട്ടെയിൽ മേഖലയെ നിലനിർത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്. വിദേശ കുത്തക കളെ മൂലധനമിറക്കാൻ അനുവദിച്ച പലരാജ്യങ്ങളിലും റീട്ടെയിൽ മേഖല തകർന്ന് തരിപ്പണമായി. അതുകൊണ്ടുതന്നെ ഈ രംഗം വിദേശകുത്തക കൾ കീഴടക്കാതിരിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനു വരെ ചില രാജ്യങ്ങൾ നടപടികൾ കൈക്കൊള്ളുകയാണ്. പലരാജ്യങ്ങളു ടെയും സമ്പദ്ഘടനയെ സാമ്പത്തികമാന്ദ്യം അപകടപ്പെടുത്തിയപ്പോഴും നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞതിന്റെ കാരണങ്ങളിലൊന്ന് ഉല്പാദക നായ കർഷകന്റെയും ചെറുകിട കച്ചവടക്കാരന്റെയും ഉപഭോക്താവി ന്റെയും കൂട്ടായ്മയാണ്. കച്ചവടത്തിനുവേണ്ടി വന്ന ഈസ്റ്റ് ഇന്ത്യ കമ്പനി ക്കാൻ ഇന്ത്യയെ കോളനിയാക്കി മാറ്റിയപ്പോൾ സ്വാതന്ത്ര്യ സമ്പാദനത്തി

നുവേണ്ടി നാം അവലംബിച്ച മാർഗ്ഗം ഉപ്പു സത്യാഗ്രഹവും വിദേശ വസ്ത്ര ബഹിഷ്ക്കരണവുമൊക്കെയായിരുന്നു എന്നത് മറന്നുകൂടാ. കുത്തകകളെ സ്വാഗതം ചെയ്ത സംസ്ഥാനങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങൾകൂടി വിലയിരുത്തിയതിനുശേഷം അക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതായിരിക്കും ഉചിതം. മാത്രമല്ല ബഹുഭൂരിഭാഗം ജനങ്ങളും കൃഷിയും കച്ചവടവുമൊക്കെ ചെയ്ത് ഉപജീവനം നടത്തുന്ന നമ്മുടെ നാട്ടിൽ വിദേശകുത്തകകൾ കടന്നുവന്നാൽ ദുരവ്യാപകമായ ദോഷഫലങ്ങളുണ്ടാകും. അതുകൊണ്ട് ഇന്നത്തെ സ്ഥിതി നിലനിൽക്കേണ്ടത് രാജ്യതാൽപ്പര്യത്തിനും പൊതുജനതാല്പര്യത്തിനും അത്യന്താപേക്ഷിതമാണ്. വിദേശമൂലധനം അനുവദിക്കില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തികച്ചും സ്വാഗതാർഹമാണ്. പ്രസ്തുത കാര്യം അജൻഡയിലുൾപ്പെടുത്തി ദക്ഷിണേന്ത്യൻ വ്യവസായ മന്ത്രിമാരുടെ യോഗത്തിൽ നിന്ന് പിൻമാറിയ സർക്കാരിന്റെ നിലപാട് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഈ സാഹചര്യത്തിൽ വിദേശ മൂലധന നിക്ഷേപം റീട്ടെയിൽ കച്ചവട രംഗത്ത് അനുവദിക്കരുതെന്ന് ഈ സഭ സംസ്ഥാന-കേന്ദ്ര സർക്കാരുകളോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു എന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി.സി. ജോർജ്:</u> സർ, ഈ പ്രമേയത്തിൽ ഗവൺമെന്റിനും പ്രതിപക്ഷത്തിനും അനുകൂലമായ നിലപാടാണുള്ളത്. ഇത് വലിയ ചർച്ച

ഇല്ലാതെ പാസ്സാക്കാൻ ഗവൺമെന്റ് തയ്യാറാകണം. പ്രതിപക്ഷവുമായിട്ട് ഇവിടെ സംസാരിച്ചപ്പോൾ തർക്കം വന്നിട്ടില്ല.

മി. സ്പീക്കർ: ചർച്ചയ്ക്ക് ഇപ്പോൾ എടുത്തതല്ലേ ഉള്ളു;

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ഇന്ന് ലോകത്തെമ്പാടും മൾട്ടിനാഷണൽ കമ്പനികൾ റീട്ടെയിൽ മാർക്കറ്റിൽ പ്രവേശിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നകയാണ്. അവർ ഇന്ത്യയിലും പ്രവേശിക്കാൻ വേണ്ടിയിട്ടുള്ള നടപടികൾക്കായി കഴിഞ്ഞ കുറേനാളുകളായി മുൻകയ്യെടുത്തുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് സിംഗിൽ ബ്രാൻഡിലും മൾട്ടി ബ്രാൻഡിലും എഫ്.ഡി.ഐ. സ്വീകരിക്കണമെന്ന നിലപാട് വന്ന സന്ദർഭത്തിൽ അത് പുന:പ്പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് ഞാൻ അന്ന് കത്തെഴുതുകയുണ്ടായി. കേന്ദ്രഗവൺമെന്റ് ഓപ്ഷണൽ ആക്കിമാറ്റാനുള്ള തീരുമാനമാണ് അന്ന് എടുത്തത്. ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് താൽപ്പര്യമില്ലെങ്കിൽ അവർക്ക് ഈ തീരുമാനങ്ങളിൽ നിന്ന് മാറിനിൽക്കാനുള്ള അവകാശം ഗവൺമെന്റ് നൽകുകയുണ്ടായി. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു കാര്യമാണ്. കേന്ദ്രഗവൺമെന്റ് ഇതു സംബന്ധിച്ചുള്ള വിശദമായ ഒരു പഠനം നടത്തേണ്ടതാണ് എന്നുള്ളതാണ് എന്റെ ആദ്യത്തെ അഭിപ്രായം. India is the highest shopping density in the world. ആയിരം ആളുകൾക്ക് പതി

നൊന്ന് ഷോപ്പുകൾ ഇന്ത്യയിൽ ഇന്ന് നിലവിലുണ്ട്. 1.2 കോടി ഷോപ്പുകളിൽ ഏതാണ്ട് നാലുകോടി ആളുകൾ ജോലി ചെയ്യുകയാണ്. ഷോപ്പ്-പീപ്പിൾ ഡെൻസിറ്റി ഇത്രമാത്രം വലുതായിട്ടുള്ള മറ്റു രാജ്യങ്ങൾ വളരെ കുറവാണ്. ആ സാഹചര്യത്തിൽ റീട്ടെയിൽ മാർക്കറ്റിൽ നമ്മൾ വാൾമാർട്ട്, ക്യാരിഫോർ, ഡെസ്പ, അഡിഡാസ് ഇതുപോലുള്ള വൻകിട ലോക ഭീമൻമാരെ അനുവദിച്ചാൽ ഉണ്ടാകാൻ പോകുന്നത് വലിയ പ്രത്യാഘാതങ്ങളാണ്. തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമെന്നാണ് എന്റെ സുഹൃത്തുകൂടിയായ കേന്ദ്രമന്ത്രി ശ്രീ. ആനന്ദ് ശർമ്മയുമായി സംസാരിച്ചപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബഹുമാനപ്പെട്ട ആനന്ദ് ശർമ്മ നടത്തിയ സ്റ്റേറ്റ്മെന്റിൽ ചില്ലറ വ്യാപാര രംഗത്തേയ്ക്ക് വിദേശകുത്തകകൾ വരുന്നതിന് തടസ്സമില്ല എന്ന് കേരളം എഴുതിക്കൊടുത്തിട്ടുണ്ട് എന്നുപറഞ്ഞു. നിങ്ങൾ എല്ലാവരും സമ്മർദ്ദം ചെലുത്തിയപ്പോൾ അനൗദ്യോഗകമായി അദ്ദേഹം അത് നിഷേധിച്ചു. അക്കാര്യത്തിൽ വലിയൊരു ദുരൂഹത നിൽക്കുന്നുണ്ട്. അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു ദുരൂഹതയും ഇക്കാര്യത്തിലില്ല. ആദ്യമായി ഇക്കാര്യത്തെക്കുറിച്ച് ഒരു അഭിപ്രായം കെ.പി.സി.സി.യാണ് രേഖപ്പെടുത്തിയത്. മുഖ്യമന്ത്രിയും യു.ഡി.എഫ്. ഗവൺമെന്റും ചേർന്ന് ഈ തീരുമാനം ഞങ്ങൾ എടുക്കുകയുണ്ടായി. കേരളത്തിലെ റീട്ടെയിൽ മാർക്കറ്റിൽ എഫ്.ഡി.ഐ. വേണ്ട എന്നുള്ള തീരുമാനമാണ് യു.ഡി.എഫ്

ഗവൺമെന്റിനും ഞങ്ങൾക്കെല്ലാവർക്കുമുള്ളത്. അങ്ങനെ ഒരു കത്ത് ഇവിടെ നിന്ന് പോയിട്ടില്ല. ശ്രീ. ആനന്ദ് ശർമ്മ ഇതിനുശേഷം എന്നോട് ഫോണിൽ സംസാരിച്ചു. അതൊരു തെറ്റിദ്ധാരണമൂലം വന്ന കാര്യമാണ്. കേരളാ ഗവൺമെന്റ് അങ്ങനെയൊരു കത്തെഴുതിയിട്ടുമില്ല. മുഖ്യമന്ത്രിയുമായി അദ്ദേഹം സംസാരിച്ചു എന്ന് എന്നോടുപറഞ്ഞു. കേരളത്തിന്റെ ഇക്കാര്യത്തിലുള്ള നിലപാട് വളരെ ശക്തമായിത്തന്നെ നിലനിൽക്കുന്നു. ഏതോ ഒരു ധാരണപ്പിശകുമൂലം വന്ന ഒരു കാര്യമാണ്. അത് ഗവൺമെന്റ് തിരുത്തുകയും ചെയ്തു. ഈ കാര്യത്തിൽ വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ ഉണ്ടാകുന്ന ഒരു കാര്യമാണ്. 95 ശതമാനം ചെറിയ ഷോപ്പുകളിലും പാവപ്പെട്ട, അതും പ്രത്യേകിച്ച് സെൽഫ് എംപ്ലോയ്മെന്റ് നേടിയിട്ടുള്ള ആളുകളാണ് അത് റൺ ചെയ്യുന്നത്. ഇത് കേരളം പോലുള്ള ഒരു സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയൊട്ടാകെ ഒരു വലിയ പ്രതിസന്ധി ഉണ്ടാക്കുന്ന ഒരു കാര്യമാണ്. വാൾമാർട്ട്, ക്യാരിഫോർ, ഡെസ്പ, അഡിഡാസ് എന്നുപറയുന്നവർ വേൾഡിലുള്ള റീട്ടെയിൽ മാർക്കറ്റിലേയ്ക്ക് ഏതു രാജ്യങ്ങളിൽ കടന്നു ചെന്നിട്ടുണ്ടോ ആ രാജ്യങ്ങളിലെല്ലാം ചെറുകിട വ്യാപാര മേഖലയിൽ വലിയ പ്രതിസന്ധികൾ ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ അതോടൊപ്പംതന്നെ യൂറോപ്പിൽ സൗത്ത് ഈസ്റ്റേൺ ഏഷ്യൻ രാജ്യങ്ങളിൽ ഈ ഭീമൻമാരുടെ പ്രവേശനം മൂലം, മൾട്ടിനാഷണൽ കമ്പനികൾ

അവിടെ വന്നതുമൂലം അവിടത്തെ ചെറിയ ഷോപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നവർക്കുണ്ടായ പ്രതിസന്ധികൾ വളരെ രൂക്ഷമായിരുന്നു. നമുക്ക് ഗൾഫ് രാജ്യങ്ങളെ അറിയാം. കേരളത്തിൽ നിന്നുപോയി ചെറിയ കച്ചവടങ്ങൾ നടത്തിയ ആളുകൾ വൻതോതിലുള്ള ഈ മൾട്ടിനാഷണൽ കമ്പനികൾ അവിടെ സൂപ്പർമാർക്കറ്റുകൾ തുടങ്ങിയപ്പോൾ അവരെല്ലാം പെരിഷ് ചെയ്തുപോയത് നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ ഉദാഹരണമാണ്. അതുകൊണ്ടുതന്നെയാണ് ഈ രാജ്യങ്ങളിലെല്ലാം സൗത്ത് ഈസ്റ്റ് ഏഷ്യയിലും യൂറോപ്പിലും അമേരിക്കയിലുമെല്ലാം കർശനമായ നിയമങ്ങൾ അവിടെയുള്ള ഗവൺമെന്റുകൾ കൊണ്ടുവന്നു. ആ നിയമങ്ങൾ കൊണ്ടുവന്നതിന്റെ വെളിച്ചത്തിൽ ലൈസൻസിംഗ് റെഗുലേഷൻസും സോണിംഗും കൊണ്ടുവന്നു. അതോടൊപ്പംതന്നെ സൂപ്പർ മാർക്കറ്റുകളെ കർശനമായി നിയന്ത്രിക്കത്തക്ക നിലയിലുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവന്നു. യൂറോപ്പിലാണെങ്കിൽ വളരെ ശക്തമായ നിയമങ്ങളാണ് കൊണ്ടുവന്നത്. ആ നിയമങ്ങളെല്ലാം കൊണ്ടുവരാനുള്ള കാരണം ഈ പാവപ്പെട്ട ചെറുകിട കച്ചവടക്കാരെ രക്ഷിക്കാനും അതിൽ ജോലി ചെയ്യുന്ന ആളുകൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താനും വേണ്ടിയിട്ടാണ് ഇത്തരം നടപടികൾ ഈ അതിവികസിത രാജ്യങ്ങളിൽപ്പോലും സ്വീകരിച്ചിട്ടുള്ളത് എന്നുള്ളത് നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. അതോടൊപ്പംതന്നെ ഗ്ലോബൽ റീട്ടെയിൽ ജയന്റ്സ് ഈ മേഖലയിൽ കടന്നാൽ അവരുടെ മൊണോപ്പൊളി എസ്റ്റാബ്ലിഷ് ചെയ്യുന്നു എന്നുള്ളതാണ്.

താൽക്കാലികമായി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിച്ചേക്കാം, റീസണബിളായ പ്രൈസ് അവർ കൊടുത്തേക്കാം. നമ്മൾ റിയലയൻസിന്റെ കാര്യം കണ്ടതാണ്. ഇൻഡ്യൻ മാർക്കറ്റിൽ റിലയൻസ് കർഷകരിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് സാധനങ്ങൾ പർച്ചയ്സ് ചെയ്തപ്പോൾ കർഷകർക്ക് ലാഭം കിട്ടി. That is only for little time. അതു കഴിഞ്ഞ് ഇവർക്ക് മൊണോപ്പൊളി വന്നപ്പോൾ അവർ ഇഷ്ടാനുസരണം വില കുറയ്ക്കാൻ തയ്യാറായി എന്നു നമ്മൾ കണ്ടതാണ്. ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്ന് നേരിട്ട് റിലയൻസ് സാധനങ്ങൾ വാങ്ങി ഒരു ഘട്ടം കഴിഞ്ഞ് വലിയ വില കൊടുത്ത ആളുകൾ ആ വില കുറച്ചപ്പോൾ കർഷകർക്ക് വൻതോതിലുള്ള നഷ്ടം ഉണ്ടായതായി നാം കാണുകയുണ്ടായി. അവിടെ പിന്നെ കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും മാർക്കറ്റിൽ ഇന്റർവീൻ ചെയ്ത് കർഷകരെ സഹായിക്കുകയാണ് ചെയ്തത്. ഈ സാഹചര്യം ലോകത്തെമ്പാടും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലും ഇന്ന് ഇതിനനുകൂലമായിട്ട് കേന്ദ്രഗവൺമെന്റ് പ്രത്യേകിച്ച് കൊമേഴ്സ് മന്ത്രാലയം ഇക്കാര്യത്തിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയാണ്. ആ നിലപാടുകൾ ശരിയല്ല എന്നുള്ളതാണ് നമ്മുടെ അഭിപ്രായം. അത് നമ്മൾ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഈ മൊണോപ്പൊളി വന്നുകഴിഞ്ഞാൽ പ്രത്യേകിച്ച് ഫുഡ് ചെയിൻ, ലോകം മുഴുവൻ ഇന്ന് ഭക്ഷ്യരംഗത്ത് നമുക്ക് വൻതിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണ്. വിലക്കയറ്റം ഒരു

ആഗോള പ്രതിഭാസം തന്നെയാണ്. ഭക്ഷ്യധാന്യങ്ങൾ കിട്ടാതെ ലോക രാജ്യങ്ങൾ ഇന്ന് പ്രതിസന്ധി നേരിടുന്ന കാലമാണ്. കാരണം, അഗ്രിക്കൾച്ചർ പാഡി ഫീൽഡ്സ് ഒക്കെ കൺവർട്ട് ചെയ്തുകൊണ്ട് മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്നുള്ളതുകൊണ്ട് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻതന്നെ കുറഞ്ഞുവരികയാണ്. ഈ മേഖലയിലേയ്ക്ക് വൻ ജയന്റുകൾ വന്നു കഴിഞ്ഞാൽ, അവരുടെ മൊണോപ്പൊളി ഉണ്ടായിക്കഴിഞ്ഞാൽ ഭക്ഷ്യവസ്തുക്കൾക്കുപോലും ഭാവിയിൽ മൾട്ടിനാഷണൽ കമ്പനികളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടാകുമെന്നുള്ളതാണ് കാണാൻ കഴിയുന്നത്. ഇതിനെ അനുകൂലിക്കുന്നവർ പറയുന്നത് ചൈനയിൽ ഇത് അനുവദിച്ചില്ലേ എന്നാണ്. ശരിയാണ് ചൈനയിൽ എഫ്.ഡി.ഐ. റീട്ടെയിൽ മാർക്കറ്റിൽ അനുവദിച്ചിട്ടുണ്ട്. ചൈനയും ഇന്ത്യയുമായി വലിയ വ്യത്യാസമുണ്ട്. ചൈന ഒരു മാനുഫാക്ചറിംഗ് ഇക്കണോമിയാണ്. അവർ ഉല്പാദിപ്പിക്കുന്ന വസ്തുക്കളുടെ ഏതാണ്ട് 75 ശതമാനവും വാൾമാർട്ടിനെപ്പോലെയുള്ള വൻകിട സ്ഥാപനങ്ങളാണ് വാങ്ങുന്നത്. അതുകൊണ്ട് വാൾമാർട്ട്, ക്യാരിഫോർ തുടങ്ങിയ സ്ഥാപനങ്ങളെ ചൈനയിൽ കൊണ്ടുവരാൻ അവർ നിർബന്ധിതരാണ്. കാരണം ചൈന ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നത് ഇത്തരം സ്ഥാപനങ്ങളാണ്. അതുകൊണ്ട് ചൈനയും ഇന്ത്യയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. നമ്മുടെ ഇക്കോണമി എന്നുപറയുന്നത് ബെയ്സിക്കലി അഗ്രേറിയൻ ഇക്കോണമിയാണ്. ചൈന മാനുഫാക്ചറിംഗ് ഇക്കോണമിയാണ്. നമ്മുടെ രാജ്യത്തെ

നാലുകോടിയോളം വരുന്ന പാവപ്പെട്ട ഷോപ്പ് കീപ്പേഴ്സ്, അഗ്രിക്കൾച്ച റിസ്റ്റ് എന്നിവരുടെ താത്പര്യം നോക്കുകയാണെങ്കിൽ ചൈന ചെയ്തതു പോലെയുള്ള നടപടി നമുക്ക് സ്വീകരിക്കാൻ കഴിയില്ല. ഇക്കണോമിക് റീഫോമിന് ഞാൻ എതിരല്ല. കഴിഞ്ഞ ഇരുപതുകൊല്ലം പാർലമെന്റിലും പുറത്തും ഇക്കണോമിക് റീഫോമിനെ സപ്പോർട്ട് ചെയ്യുന്ന ഒരാളാണ്. Economic reform should have a human face. മനുഷ്യമുഖമുള്ള ഒരു ഇക്കണോമിക് റീഫോമായിരിക്കണം. Economic reform should be for the people. ജനങ്ങൾക്ക് ഗുണകരമായ നിലയിലുള്ള ഇക്കണോമിക് റീഫോംസാണ് നമ്മുടെ രാജ്യത്ത് ആവശ്യമായിട്ടുള്ളത്. അതുകൊണ്ട് ചൈനയേയും ഇന്ത്യയേയും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയില്ല. ഇന്റർനാഷണൽ റീട്ടെയിൽ പ്ലേയേഴ്സിനെ സൂക്ഷിച്ച് മാത്രമേ ഈ രംഗ ത്തേയ്ക്ക് നമുക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. കേരളത്തിൽ ഒരു കാരണവശാലും എഫ്.ഡി.ഐ.-യെ കൊണ്ടുവരാൻ പാടില്ല. കൊണ്ടുവന്നാൽ പ്രത്യാഘാതം ഗുരുതരമായിരിക്കും. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചാലും കേരളത്തിലെ പാവപ്പെട്ട ഷോപ് കീപ്പേഴ്സിനേയും മറ്റുള്ള ആളുകളേയും സാധാരണക്കാരേയും സംരക്ഷിക്കാനുള്ള നടപടി എടുക്കണം ഈ സഭ ഐകകണ്ഠ്യേന ഇത് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, ആരംഭത്തിൽ "കടക്കെണിയിൽപ്പെട്ട് ഉഴലുന്ന കർഷകർക്ക് ആശ്വാസകരമാവുന്ന യാതൊരു പരിപാടിയും ഇല്ലാത്തതിനാൽ കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നതിനാൽ" എന്നീ വാക്കുകൾ ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ രാജ്യത്ത് കാർഷികവൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനങ്ങൾ ഉപജീവനമാർഗ്ഗമായി കണക്കാക്കിയിട്ടുള്ളത് ചില്ലറ വ്യാപാര മേഖലയെയാണ്. ഇന്റർവ്യൂവോ ടെസ്റ്റോ ഇല്ലാതെ ആർക്കും എപ്പോൾ വേണമെങ്കിലും സൗകര്യംപോലെ നടത്താവുന്ന ഉപജീവന മാർഗ്ഗമാണ് ചില്ലറ വ്യാപാര മേഖല. ഇവിടെ പറഞ്ഞതുപോലെ അഖിലേന്ത്യാതലത്തിൽ നാലുകോടിയോളം ആളുകൾ നേരിട്ടും പതിനാറ് കോടിയോളം ആളുകൾ പരോക്ഷമായും ആശ്രയിക്കുന്ന ഒരു മേഖലയാണ്. കേരളത്തിൽ പതിനാറ് ലക്ഷത്തോളം കുടുംബങ്ങളാണ് ഈ മേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നത്. ഇവരുടെ ജീവിതമാർഗ്ഗം തകർക്കുന്ന രൂപത്തിലുള്ള സമീപനമാണ് കേന്ദ്രഗവണ്മെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. 2004–09 കാലഘട്ടത്തിൽ ഒന്നാം യു.പി.എ. ഗവണ്മെന്റ് ചില്ലറ വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് ആലോചിച്ചിരുന്നു. അന്നത്തെ ഗവണ്മെന്റിന് പിന്തുണ നൽകിയിരുന്ന ഇടതുപക്ഷം ശക്തമായി എതിർത്തതുകൊണ്ടാണ് അന്നത് നടപ്പിലാക്കാൻ കഴിയാതെ വന്നത്. എന്നാൽ ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതെ അധികാരത്തിൽ

വന്ന രണ്ടാം യു.പി.എ. ഗവണ്മെന്റ് നിറുത്തിവച്ചിരുന്ന സാമ്രാജ്യത്വ അനുകൂല നയങ്ങളെല്ലാം വളരെ വേഗത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയങ്ങളുടെ ഭാഗമായിത്തന്നെയാണ് ചില്ലറ വ്യാപാര മേഖലയിലെ നൂറ് ശതമാനം വിദേശ നിക്ഷേപത്തേയും നാം കാണുന്നത്. പാർലമെന്റിൽ നിയമം അവതരിപ്പിച്ച് പാസ്സാക്കി. എന്നാൽ, ആ നിയമം പാസ്സാക്കി എടുത്തപ്പോൾ വ്യാപകമായ എതിർപ്പ് മിക്ക സംസ്ഥാനങ്ങളിൽനിന്നും വന്നു. അപ്പോൾ കേന്ദ്രഗവണ്മെന്റിന് ഈ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിലോ എതിർപ്പുണ്ടെങ്കിലോ ആ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. അതൊരു വഞ്ചനയായിരുന്നു. കാരണം, കേന്ദ്രം ഒരു നിയമം പാസ്സാക്കിയാൽ ഇന്ത്യാ രാജ്യത്തെ ഏതെങ്കിലും സംസ്ഥാനം ആ നിയമം നടപ്പിലാക്കുന്നതിനെ എതിർത്താൽ ഇവിടത്തെ കോടതികൾ അത് അനുവദിക്കുമോ? വാൾമാർട്ട് തുടങ്ങിയ ഭീമൻ സ്ഥാപനങ്ങൾ ഹൈക്കോടതിയിൽ പോകുകയും ഷോപ്പിംഗ് മാളുകൾ തുടങ്ങുവാനുള്ള പെൻമിഷൻ വാങ്ങുകയും ചെയ്യും. അക്കാര്യത്തിൽ തർക്കമില്ല. വിവരംകെട്ടവരാണ് ഈ രാജ്യത്തുള്ളവർ എന്ന നിലപാടാണ് അക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് എടുത്തത്.

<u>ശ്രീ. എ.എം. ആരിഫ്:</u> സർ, അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബറാക് ഒബാമ ഇന്ത്യയിൽ നാൽപത്തിനാലായിരം കോടി രൂപയുടെ അമേരിക്കൻ ഉല്പന്നങ്ങൾ വാങ്ങണമെന്ന് ആവശ്യപ്പെടുകുയും അത്തരത്തിലുള്ള ഒരു

കരാറിൽ ഇന്ത്യാ ഗവണ്മെന്റ് യു.എസ്. ഗവണ്മെന്റുമായി ഒപ്പുവച്ചിട്ടു മുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ചന്ദ്രൻ: അതാണ് ഞാൻ പറഞ്ഞത്. രണ്ടാം യു.പി.എ. ഗവണ്മെന്റിന്റെ സാമ്രാജ്യത്വ അനുകൂല നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമാണതൊക്കെ. ഇപ്പോൾ രൂപയുടെ മൂല്യം ദിവസേന ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഡോളറുമായുള്ള രൂപയുടെ വിനിമയമൂല്യം ഇടിഞ്ഞതിന്റെ ഭാഗമായി ഇന്ത്യാ ഗവണ്മെന്റ് വിദേശ വ്യാപാരക്കമ്മി നേരിട്ടുകൊണ്ടിരിക്കുകയാണ്. അത്തരം സന്ദർഭത്തിൽ വിദേശ വ്യാപാരക്കമ്മി നികത്തണമെങ്കിൽ അവർക്ക് അടിയന്തരമായി വിദേശമൂലധനം ഇന്ത്യയിൽ കൊണ്ടുവന്നേ മതിയാകൂ.  അതിന് ഏറ്റവും ഉചിതമായ മേഖലയായി ഇന്ത്യാ ഗവണ്മെന്റ് കാണുന്നത് ചില്ലറ വ്യാപാര മേഖലയാണ്. ഇതിനെ ആദ്യം പരസ്യമായി എതിർത്തത് കേരളമാണ്. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ആനന്ദ് ശർമ്മ പ്രസ്താവനയിറക്കി ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. കത്ത് അയച്ചു എന്ന് അദ്ദേഹം പറഞ്ഞിട്ട് കത്തയച്ചില്ല എന്ന് തിരുത്തിയെങ്കിലും ആ തിരുത്തലൊന്നും ജനങ്ങൾ വിശ്വസിക്കുന്നില്ല. ജനങ്ങളുടെ ഇടയിൽ കേരളം പരസ്യമായി പറയുന്നതിന് പകരം രഹസ്യമായി നടപ്പിലാക്കാൻ കത്തെഴുതി എന്നുതന്നെയാണ് വിശ്വസിക്കുന്നത്. പാലക്കാട് പട്ടണത്തിൽ ഒരു ബിഗ് ബസാറുണ്ട്. അവിടെ ഒരു ദിവസം ആറായിരത്തിനും ഏഴായിരത്തിനും ഇടയിൽ ആളുകൾ സാധനങ്ങൾ വാങ്ങാൻ വരുന്നുണ്ട്. അവിടെയുള്ള ചില്ലറ വ്യാപാരികളുടെ വിറ്റുവരവ്

അമ്പത് ശതമാനമായിട്ട് കുറഞ്ഞിരിക്കുകയാണ്. ഇങ്ങനെ വന്നാൻ നാട്ടിലെ ചില്ലറ വ്യാപാര മേഖലയിലെ ആളുകൾ ആത്മഹത്യയിലേയ്ക്ക് നീങ്ങുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. മൾട്ടി ബ്രാഞ്ച് രംഗത്ത് അമ്പത്തിയൊന്ന് ശതമാനം നിക്ഷേപം നൽകാൻ തീരുമാനിച്ചിട്ടു ണ്ട്. മൾട്ടി ബ്രാഞ്ച് രംഗമെന്ന് പറയുന്നത് പഴങ്ങളും പച്ചക്കറികളും പൂക്കളും പയർ വർഗ്ഗങ്ങളും ഭക്ഷ്യധാന്യങ്ങളും മത്സ്യ–മാംസം തുടങ്ങിയ വയാണ്. ഇവയൊക്കെ ജനങ്ങളുടെ ജീവനോപാധിയാണ്. ഈ ഉല്പന്ന ങ്ങളെല്ലാം കാർഷിക മേഖലയിൽ കൃഷി ചെയ്തുണ്ടാക്കുന്നവയാണ്. വാൾമാർട്ട് പോലുള്ള സ്ഥാപനങ്ങൾ ഇന്ത്യയിൽ പ്രവേശിച്ചാൽ മൾട്ടി ബ്രാഞ്ച് രംഗത്ത് 51 ശതമാനം വിദേശ നിക്ഷേപം അനുവദിച്ചാൽ, അവർ കാർഷികമേഖലയിലാണ് സംഭരണം നടത്തുക. അതുകൊണ്ട് ഇന്ത്യ യിലെ കാർഷികോല്പന്നങ്ങൾ മുഴുവൻ വിദേശ ബഹുരാഷ്ട്ര കുത്തക കൾ കൈയടക്കും അതിന്റെ ഭാഗമായി കാർഷിക മേഖല വലിയൊരു തകർച്ചയിലേയ്ക്ക് നീങ്ങുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കാർഷിക മേഖല മാത്രമല്ല, ചെറുകിട വ്യവസായികളുടെ ഉല്പന്നങ്ങളും ഇവർ വാങ്ങും. അവർ നിശ്ചയിക്കുന്ന വിലയ്ക്ക് കാർഷികോല്പന്നങ്ങളും ചെറുകിട വ്യാവസായികോല്പന്നങ്ങളും വാങ്ങാനും അത് വിറ്റഴിക്കുന്നത് അവർ നിശ്ചയിക്കുന്ന വിലയ്ക്കും ആയാൽ നൂറ്റി ഇരുപത്തിയൊന്ന് കോടി ജനങ്ങളെ മൊത്തത്തിൽ ചൂഷണം ചെയ്യാൻ ഇന്ത്യാ ഗവണ്മെന്റ്

ബഹുരാഷ്ട്ര കുത്തകകൾക്ക് എറിഞ്ഞു കൊടുക്കുന്ന ഒരു സമീപനമാണാ ഈ രംഗത്തുള്ളത്?

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അങ്ങേയ്ക്ക് 1–ാം നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ ആരംഭത്തിൽ "ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെ നിലനിൽപ്പ് അപകടത്തിലാകുമെന്നതിനാൽ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അങ്ങേയ്ക്ക് 4–ാം നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"നിക്ഷേപം" എന്ന വാക്കിനു ശേഷമുള്ള ഭാഗത്തിനു പകരം താഴെപ്പറയും പ്രകാരം ചേർക്കുക.

"ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നതിനാൽ അനുവദിക്കരുതെന്നും ഇക്കാര്യത്തിൽ കേരള സർക്കാർ നൽകിയ ശുപാർശ പിൻവലിക്കണമെന്നും ഈ സഭ

കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ഇന്ന് ചർച്ച ചെയ്യുന്നതും ഇവിടെ അവതരിപ്പിച്ച പ്രമേയവും. ഇതുപോലൊരു അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായാൽ ഉണ്ടായേക്കാവുന്ന ഭവിഷ ത്തുകളെക്കുറിച്ച് നമുക്കറിയാം. നമ്മുടെ ധാരാളം ചെറുകിട കച്ചവടക്കാർ ഇന്ന് ഗൾഫ് മേഖലകളിൽ തന്നെ തകർന്നുകൊണ്ടിരിക്കുകയാണ്. കാരണം ഇത്തരം വൻകിടക്കാർ കടന്നുവരുമ്പോൾ ആ വൻകിടക്കാരുടെ ഷോപ്പുകൾ..... പ്രത്യേകമായ രീതിയിൽ ഗവൺമെന്റ് നിലപാടെടുത്ത് മുന്നോട്ട് പോകുന്ന അവസ്ഥ എവിടെയെങ്കിലുമൊക്കെ ഉണ്ടായിട്ടുണ്ട്. കാരണം അവരുടെ ഷോപ്പുകളിൽ ഉൽപ്പന്നങ്ങൾ എത്തിക്കാൻ കമ്പനി കൾ മത്സരിക്കുകയാണ്. നേരത്തെ പണമൊന്നും നൽകാതെ തന്നെ ഷോപ്പുകളിൽ ആവശ്യമായ ഉൽപ്പന്നങ്ങൾ കമ്പനികൾ എത്തിച്ചുകൊ ടുത്ത് അത് വിറ്റതിനുശേഷവും കമ്മീഷൻ പറ്റിയതിനുശേഷവും വില കൊടുത്താൽ മതി. ഒരു ചെറുകിട കച്ചവടക്കാരന് ഇതൊരിക്കലും അസാ ദ്ധ്യമാണെന്നുമാത്രമല്ല, അതത് പ്രദേശത്തെ ഡിമാന്റ് എന്താണെന്ന് നോക്കി, ആ ഡിമാന്റ് പഠിച്ച് അതിനനുസൃതമായി ഉൽപ്പന്നങ്ങൾ തന്നെ ഈ വ്യാപാര സ്ഥാപനങ്ങളാണുണ്ടാക്കുന്നത്. അവിടെ വിൽപ്പന നട ത്തേണ്ട ഉൽപ്പന്നങ്ങൾ പോലും വ്യാപാര സ്ഥാപനങ്ങൾ നിർമ്മിക്കുന്നു.

അവർ ഉൽപ്പാദനം നടത്തി ആ ഉൽപ്പന്നങ്ങളാണ് വ്യാപാര സ്ഥാപനങ്ങളിലൂടെ എത്തിച്ചുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ചെറുകിട മേഖലയ്ക്ക് ഒരുവിധേനയും കടന്നുചെല്ലാൻ കഴിയാത്ത വിധം, അവർക്ക് പിടിച്ച് നിൽക്കാൻ കഴിയാത്ത വിധം ഒരു തകർച്ചയുടെ വക്കിലേയ്ക്ക് ഇതെത്തുമെന്നതുകൊണ്ടുതന്നെ കേരളംപോലൊരു സംസ്ഥാനത്ത് വളരെയേറെ അപകടകരമായ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തുമെന്ന് മാത്രമല്ല, 16 ലക്ഷത്തോളം വരുന്ന കേരളത്തിലെ ചെറുകിട കച്ചവടക്കാരെ ബാധിക്കുന്ന ഗുരുതരമായ വിഷയമാണെന്നതുകൊണ്ട് തന്നെ ഈ പ്രമേയം വളരെ ഗൗരവത്തോടെ ഈ സഭ കാണണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. എനിക്ക് മുമ്പ് പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് കെ.പി.സി.സി. പ്രസിഡന്റ് കൂടിയായ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. Economic reform should be for the people എന്ന് കെ.പി.സി.സി. പ്രസിഡന്റിന് തോന്നിയെന്നത് വളരെ ശുഭോദർക്കമായ കാര്യമാണ്. കാരണം, കേന്ദ്രഗവൺമെന്റിന്റെ നവലിബറൽ സാമ്പത്തിക നയത്തെ ശക്തമായി അനുകൂലിക്കുമ്പോഴും അത് പ്രായോഗികതലത്തിൽ വരുമ്പോൾ ജനങ്ങൾക്ക് എതിരാണെന്ന തിരിച്ചറിവ് കെ.പി.സി.സി. പ്രസിഡന്റിന് എങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് നല്ല കാര്യമാണെന്നാണ് നമ്മുടെ അഭിപ്രായം.

അതാണ് ഞാൻ പറഞ്ഞത്, ഇൻഡ്യയിലെ കൃഷിക്കാരും ചെറുകിടകച്ചവടക്കാരും ഒരു വലിയ വിഭാഗം ആളുകളാണ്. അവരുടെ ഉപജീവന മാർഗ്ഗമാണ്.................

മി. സ്പീക്കർ : യെസ്.......

ശ്രീ. വി.എസ്. സുനിൽകുമാർ: ഇന്നുതന്നെ പാസ്സാക്കേണ്ടതായതുകൊണ്ട് ഞാൻ രണ്ട് മിനിട്ടുപോലും എടുക്കില്ല. ഒറ്റ കാര്യമേ പറയുന്നുള്ളു. ഇത് നമ്മുടെ കാർഷിക മേഖലയേയും ഭക്ഷ്യസുരക്ഷയേയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതിനേക്കാൾ ഉപരിയായ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരം നഷ്ടപ്പെടുന്ന വിഷയമാണ്. ഒരു രാജ്യത്തിന്റെ ഉൽപ്പാദന മേഖലയിലേയ്ക്ക് ഈ ഗവൺമെന്റ് തന്നെയാണ് കോൺട്രാക്ട് കൃഷി കൊണ്ടുവന്നിരിക്കുന്നത്. ഉൽപ്പാദന മേഖലയിലേയ്ക്ക് കോൺട്രാക്ട് കൃഷി കൊണ്ടുവരികയും കോർപ്പറേറ്റുകൾക്ക് വരാനുള്ള അവസരം കൊടുക്കുകയും ചെയ്തു. അതിന്റെ സംഭരണം നിങ്ങൾ ഈ കോർപ്പറേറ്റുകൾക്ക് ഏൽപ്പിച്ചുകൊടുത്തു. അതിന്റെ അടുത്ത പടിയായി ഇതിന്റെ വിതരണം എന്നുപറയുന്ന ഏറ്റവും പ്രധാനപ്പെട്ട ചെറുകിട വ്യാപാര മേഖല, നമ്മുടെ നാഡീഞരമ്പുകൾ ഉൾപ്പെടെ ബാങ്കിംഗ് മേഖലയെ സ്വകാര്യവൽക്കരിച്ചതുപോലെ, ഇതും ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്. ഇത് സംഭവിക്കുന്നതോടുകൂടി നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരംകൂടി കോർപ്പറേറ്റുകളെ ഏൽപ്പിച്ചുകൊടുത്ത നടപടിയെയാണ് നമ്മുടെ നിയമസഭ ശക്തമായി

എതിർക്കുന്നത്. കോൺഗ്രസ്സിന്റെ ഈ സാമ്പത്തിക നയം തെറ്റാണെന്നു കൂടി അംഗീകരിക്കുന്ന ഈ പ്രമേയം തീർച്ചയായും ഭേദഗതികളോടെ അംഗീകരിക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് ചുരുക്കുന്നു.

ഡോ. എൻ. ജയരാജ് : സർ, നൂറ്റാണ്ടുകളായി ചെറുകിട വ്യാപാരം സാമൂഹിക ജീവിതത്തിന്റെയും സാമൂഹിക ഘടനയുടെയും ഭാഗമാണ്. യഥാർത്ഥത്തിൽ നമ്മുടെ പ്രാദേശിക സമൂഹങ്ങളും ചെറുകിട വ്യാപാരികളുമായി വലിയ ആത്മബന്ധമുണ്ട്. കുത്തകകളുടെ കടന്നുവരവ് സ്വാഭാവികമായും നമ്മുടെ സാമൂഹ്യ ജീവിതത്തിനോടൊപ്പംതന്നെ ചെറുകിട വ്യാപാരത്തേയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് വളരെ ഗൗരവമായ ഈ വിഷയം സഭ ചർച്ച ചെയ്യുന്നത് ഏറെ ആശ്വാസകരമാണ് എന്നുമാത്രം സൂചിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച പ്രമേയം ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും അനുകൂലമായിട്ടുള്ള പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് ഒരു സംശയത്തിനും ഇടയില്ല. ഇത് പ്രഖ്യാപിച്ച അവസരത്തിൽ തന്നെ കേരളം ഇതിനെതിരാണെന്നത് കേന്ദ്രത്തെ അറിയിക്കുകയും കെ.പി.സി.സി. പ്രസിഡന്റും ഞാനും കൂടി പാർട്ടി നേതൃത്വത്തെ സമീപിച്ച അവസരത്തിൽ, അതത് സംസ്ഥാനങ്ങൾക്ക് ഫ്രീഡം തരുമെന്ന് പറയുകയും അങ്ങനെ ഫ്രീഡം തന്നിട്ടുമുണ്ട്. ഇവിടെ ശ്രീ. ആനന്ദ് ശർമ്മയുടെ ഒരു പ്രസ്താവന വന്നത് ശ്രീ. എം. ചന്ദ്രൻ എടുത്തുപറയുകയു

ണ്ടായി. കുറച്ച് കൺഫ്യൂഷൻ ഉണ്ടാക്കാൻ ചിലർ ശ്രമിച്ചു. അദ്ദേഹംതന്നെ അത് നിഷേധിച്ചു. അദ്ദേഹം എന്നെ വിളിച്ചിരുന്നു. അദ്ദേഹം പറയാനുണ്ടായ സാഹചര്യം ചോദിച്ചപ്പോൾ പല സംസ്ഥാന ങ്ങളും ഇതിനെ അനുകൂലിക്കുന്നുണ്ടെന്നും കോൺഗ്രസ് ചീഫ് മിനി സ്റ്റേഴ്സ് ഇതനുകൂലിച്ചെന്നും അക്കുട്ടത്തിൽ പറഞ്ഞു. കേരളം അനുകൂലി ച്ചിട്ടില്ലല്ലോയെന്ന് പത്രക്കാർ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത്, കേരളം കേരളത്തിന്റെ റിസർവേഷൻസ് പറഞ്ഞിട്ടുണ്ടെന്നാണ്. പക്ഷേ അതേ സമയം മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിലല്ല, കേരളത്തിൽ നടപ്പിലാക്കുന്നതിനെതിരായിട്ടുള്ള നിലാപാടാണ് എടുത്തിരിക്കുന്നതെന്ന് പറഞ്ഞു. അദ്ദേഹംതന്നെ തന്റെ പ്രസ്താവന തെറ്റായിട്ടാണ് വ്യാഖ്യാനിച്ചി രിക്കുന്നതെന്ന് പറഞ്ഞു. ഈ തീരുമാനം എടുത്തതിനുശേഷം ദക്ഷിണ ഇൻഡ്യയിലെ വ്യവസായ മന്ത്രിമാരുടെ സമ്മേളനം കേരളത്തിൽവച്ച് കൂട ട്ടെയെന്ന് ചോദിച്ചു. വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്തു. കേരള ത്തിൽ വ്യവസായ മന്ത്രിമാരുടെ യോഗം ചേരുന്നുവെന്ന് പറയുമ്പോൾ ഇങ്ങോട്ട് വരരുതെന്ന് പറയാൻ പറ്റുമോ? പക്ഷേ, അജണ്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കിട്ടുമ്പോഴാണ് ഒന്നാ മത്തെ അജണ്ട റീട്ടെയിൽ സെക്ടറിലെ ഫോറിൻ ഡയറക്ട് ഇൻവെ സ്റ്റ്മെന്റിനെക്കുറിച്ചാണ് ആലോചനയെന്ന് മനസ്സിലായത്. അപ്പോൾതന്നെ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എന്നെ വിവരം അറിയിച്ചു. ഇത് ചർച്ച ചെയ്യാൻ കേരളത്തിൽ വ്യവസായ വകുപ്പുമന്ത്രിമാരുടെ യോഗം ചേരുന്ന

തിൽ യോജിപ്പില്ലെന്ന് ഞാൻ വിളിച്ചുപറഞ്ഞു. കാരണം, ഞങ്ങൾ ഇതിനെ എതിർക്കുകയാണ്. ശക്തമായി എതിർക്കുന്ന ഇവിടെ അതുസംബന്ധി ച്ചുള്ള യോഗം കൂടുന്നത് ശരിയല്ലെന്ന് പറഞ്ഞു. അപ്പോൾതന്നെ എതിർപ്പ് പറഞ്ഞതാണ്. വ്യവസായ വകുപ്പുമന്ത്രിമാരുടെ യോഗം മാറ്റി വയ്ക്കുകപോലും ചെയ്തത് ഈ എതിർപ്പിന്റെ അടിസ്ഥാനത്തിലാണ്. ഇതിന് അനുകൂലമായി പറയുന്ന ചില ഘടകങ്ങളുണ്ട്. അത് കൺസ്യൂമർ ഇന്ററസ്റ്റാണ്. കർഷകരുടെ താൽപര്യമാണ്. കർഷകരുടെ ഉൽപ്പന്നം അവരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽപ്പോയി നല്ല വിലയ്ക്ക് വാങ്ങുകയും ഏറ്റവും ക്വാളിറ്റി ഗുഡ്സ് നിയന്ത്രിത വിലയ്ക്ക് കൊടുക്കുമെന്നൊ ക്കെയാണ്. അക്കാര്യത്തിൽ കേരളത്തിന് വ്യക്തമായ ഒരു സമീപനമുണ്ട്. കേരളത്തിലെ റീട്ടെയിൽ രംഗം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. വളരെയധികം പുരോഗതി ഇവിടെ ഉണ്ടായിട്ടുണ്ട്. നമു ക്കിനിയും അത് ഡെവലപ് ചെയ്ത് എടുക്കാൻ പറ്റും. ഗവൺമെന്റിന്റെ ഇടപെടലോടുകൂടി നമ്മുടെ റീട്ടെയിൽ മേഖലയിൽ ഇന്നുള്ള സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി കൂടുതൽ കാര്യക്ഷമമായനിലയിൽ നമുക്ക് ഇട പെടാൻ സാധിക്കും. എവിടെയെങ്കിലും വില വർദ്ധനവ് വരുന്ന സമയത്ത് ഗവൺമെന്റിന്റെ ഏജൻസികൾ മാർക്കറ്റിംഗ് ഇന്റർവെൻഷൻ നടത്തുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി.എം,

ശ്രീ. ഉമ്മൻ ചാണ്ടി : ഇന്ന് തന്നെ ഈ പ്രമേയം പാസ്സാക്കണം. ഞാൻ ഒരു മിനിട്ട് കൊണ്ട് നിറുത്താം.

മി. സ്പീക്കർ : അതുമതി.

ശ്രീ. ഉമ്മൻ ചാണ്ടി : അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുടെ സാഹചര്യം നമുക്ക് വിലയിരുത്തിയിട്ട് കാര്യമില്ല. അത് അവരുടെ സ്വാതന്ത്ര്യമാണ്. ഏതായാലും ഇത് കേരളത്തിൽ ഒരു കാരണവശാലും നടപ്പിലാക്കില്ല. അതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം, അതത് സ്റ്റേറ്റു കൾക്ക് ഇതുസംബന്ധിച്ചുള്ള തീരുമാനം എടുക്കാനുള്ള സ്വാത ന്ത്ര്യമുണ്ടെന്ന അംഗീകാരം വാങ്ങിയിട്ടുണ്ട്. നമ്മുടെ റിസർവ്വേഷൻ അറി യിച്ചിട്ടുണ്ട്. നിശ്ചയമായും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയം ഐക്യകണ്ഠേന പാസ്സാക്കുന്നത്, ഈ കേര ളത്തിൽ നടപ്പിലാക്കില്ലെന്നുള്ളത് ഈ ഗവൺമെന്റിന്റെ മാത്രമല്ല, ഈ സഭ യുടെയും കേരളത്തിന്റെയും പൊതുവികാരമാണെന്ന് ബോദ്ധ്യപ്പെടു ത്താൻ കൂടി സാധിക്കും. ഈ പ്രമേയം കൊണ്ടുവന്നതിന് ശ്രീ. തേറമ്പിൽ രാമകൃഷ്ണനോട് പ്രത്യേക നന്ദി പറഞ്ഞുകൊണ്ട് ഇത് ഗവൺമെന്റ് സ്വീ കരിക്കുന്നു എന്നുപറയുന്നു.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ, അങ്ങയുടെ ഒന്നാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ, അങ്ങയുടെ മൂന്നാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച മൂന്നാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ നാലാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച നാലാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ ഐക്യകണ്ഠേന പാസ്സാക്കിയിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇന്നലെ ഈ സഭയിൽ പ്രതിപക്ഷ ഉപ നേതാവ് ആദിവാസികളെ ജയിലിൽ അടച്ച കാര്യം സംസാരിച്ച സമയം അദ്ദേഹത്തിന്റെ റിക്വസ്റ്റ് കിട്ടിയാൽ ഇന്നുതന്നെ കേസ് പിൻവലിച്ച് അവരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു.

ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്തു. ഇന്നുതന്നെ അവരെ മോചിപ്പിക്കു ന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 09-ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

**************